പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5159 26.03.2018-ൽ മറുപടിയ്ക്ക്

# മലയോര ഹൈവേ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) മലയോര ഹൈവേയുടെ നിർമ്മാണ പദ്ധതിക്ക് എത്ര കോടി രൂപയുടെ ചെലവാണ് കണക്കാക്കിയിരിക്കുന്നത്; | (എ) മലയോര ഹൈവേയുടെ നിർമ്മാണ പദ്ധതിക്കായി 10/07/2017 ലെ G.O.(Rt) No.942/2017/PWD നമ്പർ ഉത്തരവ് പ്രകാരം 3500 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) മലയോര ഹൈവേ എത്ര റീച്ചുകളായാണ് നിർമ്മിക്കുന്നതെന്നും ഇതിൽ എത്ര റീച്ചുകളുടെ ഡി.പി.ആർ.കിഫ്ബിക്ക് കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) മലയോര ഹൈവേയുടെ നിർമ്മാണം 43 റീച്ചുകളായാണ് നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിൽ 26 റീച്ചുകൾ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നു. ഇതുവരെ 20 റീച്ചുകളുടെ ഡി.പി.ആർ അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) ഡി.പി.ആർ.തയ്യാറാക്കി നൽകിയ റീച്ചുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; അംഗീകാരം നൽകിയിട്ടില്ലെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വിശദീകരിയ്ക്കുമോ? | (സി) സമർപ്പിച്ച പദ്ധതികളിൽ തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിലായി 4 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. മറ്റ് പദ്ധതികളുടെ വിശദമായ സാങ്കേതിക പരിശോധന കിഫ്ബിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ